**<u>15 -ാം കേരള നിയമസഭ</u>**

**<u>5 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2089</u>** **<u>06-07-2022 - ൽ മറുപടിയ്ക്ക്</u>**

**<u>കുടുംബാരോഗ്യ കേന്ദ്രത്തിന്റെ കെട്ടിടം നിർമ്മാണത്തിന് പ്രത്യേക രൂപരേഖ</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുഹമ്മദ് മുഹസിൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ കുടുംബാരോഗ്യ കേന്ദ്രത്തിന്റെ കെട്ടിടം നിർമ്മാണത്തിന് പ്രത്യേക രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ? | (എ) | ആരോഗ്യ വകുപ്പിലെ നിലവിൽ പ്രവർത്തിക്കുന്ന പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയാണ് കുടുംബാരോഗ്യ കേന്ദ്രങ്ങളായി മാറ്റുന്നത്. അതുകൊണ്ട് തന്നെ ഒരു പൊതുവായ രൂപരേഖ ഉപയോഗിച്ച് പ്രവർത്തനക്ഷമമാക്കുവാൻ സാധിക്കില്ല. എന്നാൽ, ആർദ്രം പദ്ധതിയിൽ ഒരു കുടുംബാരോഗ്യകേന്ദ്രത്തിന് ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. അതുകൊണ്ട് ആർദ്രം പദ്ധതിയുടെ മാർഗരേഖയനുസരിച്ചും IPHS, ക്വാളിറ്റി സ്റ്റാൻഡേർഡിനനുസരിച്ചും ഒരു കുടുംബാരോഗ്യ കേന്ദ്രത്തിൽ ഭിന്ന ശേഷിക്കാർക്ക് ഉപയോഗിക്കുന്നതിനായി റാംപ്, കാത്തിരിപ്പ് മുറികൾ, ഒ.പി. രജിസ്ട്രേഷൻ കൗണ്ടറുകൾ, പ്രീ-ചെക്കപ്പ് ഏരിയ, രോഗികളുടെ സ്വകാര്യത ഉറപ്പുവരുത്തിക്കൊണ്ടുള്ള പരിശോധന മുറികൾ, ഇൻജക്ഷൻ റൂം, ഡ്രസ്സിംഗ് റൂം, ഒബ്സർവേഷൻ റൂം, നഴ്സസ് സ്റ്റേഷൻ, ലാബ്, വെയിറ്റിംഗ് ഏരിയ, രോഗീസൗഹൃദ ശുചിമുറികൾ, സ്ത്രീകൾക്കും പുരുഷൻമാർക്കും പ്രത്യേകം ശുചിമുറികൾ, കൗൺസിലിംഗ് റൂം, ഇമ്മ്യൂണൈസേഷൻ റൂം, ഫീഡിംഗ് റൂം, ശ്വാസ്, ആശ്വാസ് ക്ലിനിക്കുകൾ എന്നീ സൗകര്യങ്ങളാണ് നൽകേണ്ടത്. ആയതിന്റെ അടിസ്ഥാനത്തിൽ സ്ഥലത്തിന്റെയും ഫണ്ടിന്റെയും ലഭ്യത കണക്കിലെടുത്ത് ഓരോ കുടുംബാരോഗ്യകേന്ദ്രത്തിന്റെയും രൂപരേഖ പ്രത്യേകമായി തയ്യാറാക്കിയാണ് നിർമ്മാണ പ്രവർത്തികൾ നടപ്പിലാക്കി വരുന്നത്. |

സെക്ഷൻ ഓഫീസർ

**പതിനഞ്ചാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2089 — 06.07.2022 ൽ മറുപടിക്ക്

**കുടുംബാരോഗ്യ കേന്ദ്രത്തിന്റെ കെട്ടിടം നിർമ്മാണത്തിന് പ്രത്യേക രൂപരേഖ**

| ചോദ്യം<br>ശ്രീ . മുഹമ്മദ് മുഹസിൻ | | ഉത്തരം<br>വീണാ ജോർജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ മന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ കുടുംബാരോഗ്യ കേന്ദ്രത്തിന്റെ കെട്ടിടം നിർമ്മാണത്തിന് പ്രത്യേക രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ? | (എ) | ആരോഗ്യ വകുപ്പിലെ നിലവിൽ പ്രവർത്തിക്കുന്ന പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയാണ് കുടുംബാരോഗ്യ കേന്ദ്രങ്ങളായി മാറ്റുന്നത്. അതുകൊണ്ട് തന്നെ ഒരു പൊതുവായ രൂപരേഖ ഉപയോഗിച്ച് പ്രവർത്തനക്ഷമമാക്കുവാൻ സാധിക്കില്ല. എന്നാൽ, ആർദ്രം പദ്ധതിയിൽ ഒരു കുടുംബാരോഗ്യകേന്ദ്രത്തിന് ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. അതുകൊണ്ട് ആർദ്രം പദ്ധതിയുടെ മാർഗരേഖയനുസരിച്ചും IPHS, ക്വാളിറ്റി സ്റ്റാൻഡേർഡിനനുസരിച്ചും ഒരു കുടുംബാരോഗ്യ കേന്ദ്രത്തിൽ ഭിന്ന ശേഷിക്കാർക്ക് ഉപയോഗിക്കുന്നതിനായി റാംപ്, കാത്തിരിപ്പ് മുറികൾ, ഒ.പി. രജിസ്ട്രേഷൻ കൗണ്ടറുകൾ, പ്രീ-ചെക്കപ്പ് ഏരിയ, രോഗികളുടെ സ്വകാര്യത ഉറപ്പുവരുത്തിക്കൊണ്ടുള്ള പരിശോധന മുറികൾ, ഇൻജക്ഷൻ റൂം, ഡ്രസ്സിംഗ് റൂം, ഒബ്സർവേഷൻ റൂം, നഴ്സസ് സ്റ്റേഷൻ, ലാബ്, വെയിറ്റിംഗ് ഏരിയ, രോഗീസൗഹൃദ ശുചിമുറികൾ, സ്ത്രീകൾക്കും പുരുഷൻമാർക്കും പ്രത്യേകം ശുചിമുറികൾ, കൗൺസിലിംഗ് റൂം, ഇമ്മ്യൂണൈസേഷൻ റൂം, ഫീഡിംഗ് റൂം, ശ്വാസ്, ആശ്വാസ് ക്ലിനിക്കുകൾ എന്നീ സൗകര്യങ്ങളാണ് നൽകേണ്ടത്. ആയതിന്റെ അടിസ്ഥാനത്തിൽ സ്ഥലത്തിന്റെയും ഫണ്ടിന്റെയും ലഭ്യത കണക്കിലെടുത്ത് ഓരോ കുടുംബാരോഗ്യകേന്ദ്രത്തിന്റെയും രൂപരേഖ പ്രത്യേകമായി തയ്യാറാക്കിയാണ് നിർമ്മാണ പ്രവർത്തികൾ നടപ്പിലാക്കി വരുന്നത്. |

Hari

സെക്ഷൻ ഓഫീസർ